# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത | 07.12.2015-ൽ മറുപടിക്ക്

**ചോദ്യം നം. 2018**

## മത്സ്യത്തൊഴിലാളികൾക്ക് സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.യു. കുരുവിള** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | **മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കമോ ;** | (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പ് മുഖേന നൽകി വരുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു<br>1. ഭവന നിർമ്മാണ ധനസഹായം - യൂണിറ്റിന് 2,00,000/- രൂപ<br>2. ഭവന അറ്റകുറ്റപ്പണി ധനസഹായം - യൂണിറ്റിന് 50,000/- രൂപ<br>3. ടോയ്ലറ്റ് നിർമ്മാണ ധനസഹായം - യൂണിറ്റിന് 17,500/- രൂപ<br>4. സമ്പാദ്യ സമാശ്വാസ പദ്ധതി - 2,700/- രൂപ മൂന്നു മാസങ്ങളിലായി നൽകുന്നു<br>5. സൗജന്യ റേഷൻ - പഞ്ഞമാസങ്ങളിൽ നൽകുന്നു.<br>കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് കട്ടമരവും വലയും വാങ്ങുന്നതിന് യൂണിറ്റിന് 40,000/- രൂപ വീതം ധനസഹായം നൽകുന്നു.<br>മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന താഴെപറയുന്ന സേവനങ്ങൾ നൽകി വരുന്നു.<br>1. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികളായ ടേം വായ്പകൾ , മൈക്രോഫിനാൻസ് വായ്പ<br>2. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി<br>3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം<br>4. എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി<br>5. വലകൾക്കുള്ള സബ്സിഡി പദ്ധതി<br>6. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി<br>7. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി<br>8. നാടൻ വള്ളങ്ങളുടെ നവീകരണം<br>9. മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി<br>10. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി<br>11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ<br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാ |

| | | | |
|---|---|---|---|
| | | | ക്കുന്ന പ്രധാന [illegible] അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഭാഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | തീരപ്രദേശങ്ങളിലെ സാമൂഹിക വിദ്യാഭ്യാസ ആരോഗ്യമേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം റോഡ് നിർമ്മാണം, ലൈബ്രറി/കമ്മ്യൂണിറ്റി ഹാൾ/പബ്ലിക് ഹെൽത്ത് സെന്റർ/അംഗൻവാടി/ സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, നബാർഡ് ധനസഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസന ഫണ്ട് സമഗ്ര തീരദേശ വികസന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. |
| (സി) | കുടിവെള്ള പ്രശ്നമുൾപ്പെടെയുള്ളവ പരിഹരിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (സി) | തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി സമഗ്ര തീരദേശ വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമ പദ്ധതി, നബാർഡിന്റെ ധനസഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്നിവ പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത വിഭാഗക്കാരുടെ കടബാധ്യതകൾ എഴുതി തള്ളുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | മത്സ്യത്തൊഴിലാളികൾ സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ വ്യത്യസ്ത ഭരണവകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ, ദേശ സാൽകൃത ബാങ്കുകൾ, മത്സ്യഫെഡ്, മുതലായ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത കടങ്ങൾക്ക് മുതലിനത്തിൽ ഒരു കുടുംബത്തിന് പരമാവധി 75,000/- രൂപയും പലിശയിനത്തിൽ ബാക്കി നിൽക്കുന്ന പലിശയുടെ 25 ശതമാനവും എന്ന ക്രമത്തിൽ കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്.<br>കടാശ്വാസ കമ്മീഷന് ആകെ ലഭിച്ച 129691 അപേക്ഷകളിൽ സിറ്റിംഗിലും അദാലത്തുകളിലും ഇതിനകം പരിശോധിച്ച അപേക്ഷകളിൽ 72639 കടങ്ങളിൽ കടാശ്വാസത്തിനു അർഹത കണ്ടെത്തുകയും സർക്കാർ അംഗീകരിച്ച 8 ലിസ്റ്റുകളിൽ 6 ലിസ്റ്റുകൾ വരെയുള്ള കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്.<br>മത്സ്യഫെഡ്/സഹകരണ വകുപ്പ്/ ദേശസാൽകൃത ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വിതരണം ചെയ്ത കടാശ്വാസ തുകയുടെ വിശദ വിവരം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട ക്ഷേമപദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായം തുക |
|---|---|---|
| 1 | **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**<br>i) അപകടമരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>ii) കുട്ടികളുടെ പഠന ചിലവ് (2 പേർക്ക് പരമാവധി)<br>ശശശ) ശവസംസ്കാര ചിലവ്<br>iv) അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത<br>v) അപകടത്തെതുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിൽസയ്ക്ക് (പരമാവധി) | 5,00,000/-<br>10,000/-<br>2,000/-<br>2,50,000/-<br>25,000/- |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- |
| 4 | വാർദ്ധക്യകാല പെൻഷൻ( പ്രതിമാസം) , മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ ( വിധവാ പെൻഷൻ) | 600/- |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം **(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം)** | 15,000/- |
| 6 | **ആം ആദ്മി ബീമ യോജന പദ്ധതി**<br>i) അപകട മൂലം സംഭവിക്കുന്ന മരണം<br>ii) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>iii) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>iv) സ്വാഭാവിക മരണം<br>v) 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75,000/-<br>75,000/-<br>37,500/-<br>30,000/-<br>1200/- രൂപ (പ്രതിവർഷം) |
| 8 | **എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്** | |
| 14 | **ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം** | |
| 18 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിയക്കുന്ന മുറയ്ക്ക് | 1350/- |

ANNEXURE II

## DETAILS OF FUND SANCTIONED FOR DEBT RELIEF AS ON 30/11/2015

| Financial Year | Allotment in crores | EXPENDITURE (IN CRORE) | | | |
|---|---|---|---|---|---|
| | | Administrative expenses of the commission | Matsyafed | Co.Op. Registrar | Nationalised Banks |
| 2008-09 | 10 | 0.5 | Nil | Nil | Nil |
| 2009-10 | 10 | 0.5 | 5.913<br>13.15 | Nil | Nil |
| 2010-11 | 100 | 0.55 | 11.78 | 44.37 | Nil |
| 2011-12 | 8 | 0.85 | 0.35 | 49.7 | Nil |
| 2012-13 | 0.85 | 0.85 | Nil | Nil | Nil |
| 2013-14 | 20.85 | 1.1 | Nil | 19.49 | Nil |
| 2014-15 | 26 | 1.3 | Nil | 9.57 | 14.5 |
| 2015-16 | 21.2 | 0.8 | 0.4 | | |
| TOTAL | **196.9** | **6.45** | **31.59** | **123.13** | **14.5** |